## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.674** **29.11.2018 ൽ മറുപടിയ്ക്ക്**

## ജ്യോതിസ്സ് സോളാർ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ജ്യോതിസ്സ് എന്ന പേരിൽ സോളാർ പദ്ധതി പ്രഖ്യാപിച്ചത് എന്നാണ്; ഈ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് അനെർട്ട് പ്രസിദ്ധപ്പെടുത്തിയ വിശദാംശങ്ങൾ എന്തൊക്കെയാണ്; | (എ) | ജ്യോതിസ്സ് എന്ന പേരിൽ പുതിയ സോളാർ പദ്ധതി പ്രഖ്യാപിച്ചിട്ടില്ല. എം.എൻ.ആർ.ഇ. യും സോളാർ എനർജി കോർപ്പറേഷനും നടത്തി വരുന്ന RESCO മോഡൽ സോളാർ പദ്ധതിക്ക് കേരളത്തിൽ നൽകിയിട്ടുള്ള പേരാണ് 'ജ്യോതിസ്'. പദ്ധതിയ്ക്ക് പരമാവധി പ്രചാരം നൽകണം എന്ന കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് പദ്ധതിയ്ക്ക് പരസ്യം നൽകുകയും പദ്ധതി സംബന്ധിച്ച് 2018 ജനുവരി 16 ന് ഒരു ശിൽപശാല സംഘടിപ്പിക്കുകയും ചെയ്തു. പദ്ധതി നടത്തിപ്പിന് താത്പര്യമുള്ള സ്ഥാപനങ്ങളെയും പദ്ധതി പ്രകാരം സോളാർ പാനലുകൾ സ്ഥാപിക്കാൻ താത്പര്യമുള്ള കേന്ദ്ര സംസ്ഥാന സ്ഥാപനങ്ങളെയും ശിൽപശാലയിൽ പങ്കെടുപ്പിച്ചു. |
| (ബി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഇതിനകം എത്ര തുക അനർട്ട് ചെലവഴിച്ചു; ഇനം തിരിച്ച് ലഭ്യമാക്കാമോ; | (ബി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട പരസ്യം നൽകുന്നതിലേയ്ക്കായി 15,55,262/- രൂപയും, ശിൽപ്പശാലയുടെ നടത്തിപ്പിനായി 55,000/- രൂപയും ചെലവായി. |
| (സി) | അനർട്ടിന്റെ പരസ്യത്തെ തുടർന്ന് എത്ര അപേക്ഷകൾ അനർട്ടിൽ ലഭിച്ചു; എത്ര സോളാർ പ്ലാന്റുകൾ ഇതുവരെ പൂർത്തിയാക്കി; എത്ര എണ്ണം നിർമ്മാണഘട്ടത്തിലുണ്ട് എന്നും അറിയിക്കാമോ; | (സി) | സോളാർ പ്ലാന്റുകൾ സ്ഥാപിക്കുവാൻ അനെർട്ട് അപേക്ഷ ക്ഷണിച്ചിട്ടില്ല. താൽപര്യമുള്ള സ്ഥാപനങ്ങളെ പദ്ധതി പരിചയപ്പെടുത്താൻ ശിൽപശാലയിലേയ്ക്ക് ക്ഷണിക്കുകയാണ് ചെയ്തത്. |
| (ഡി) | ഈ പദ്ധതി തുടങ്ങാനായി അനർട്ടിന് സർക്കാരിൽ നിന്നും കെ.എസ്.ഇ.ബി. യിൽ നിന്നും ലഭിച്ച അനുമതി രേഖകൾ ലഭ്യമാക്കാമോ; | (ഡി) | ഈ പദ്ധതി ശൃംഖലാബന്ധിത സൗരോർജ്ജ പദ്ധതിയുടെ പുതിയൊരു നടത്തിപ്പ് രീതിയാണ്. പദ്ധതി പ്രകാരം സൗരോർജ്ജ പാനലുകൾ വയ്ക്കാൻ താത്പര്യമുള്ള സ്ഥാപനങ്ങളിൽ പദ്ധതി നടപ്പാക്കുന്ന സ്ഥാപനങ്ങൾ പാനലുകൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുകയും നിശ്ചയിക്കുന്ന നിരക്കിൽ വൈദ്യുതി ഉത്പാദിപ്പിച്ച് നൽകുകയുമാണ് ചെയ്യുന്നത്. നടത്തിപ്പ് സ്ഥാപനം അറ്റകുറ്റ പണികൾ അടക്കം പാനലിന്റെ പരിപാലനം നിർവ്വഹിക്കുന്നതാണ്. ഇതിന് പ്രത്യേക അനുമതിയുടെ ആവശ്യമില്ല. |
| (ഇ) | അനർട്ട് പ്രഖ്യാപിച്ച ഈ പദ്ധതിക്ക് കീഴിൽ സോളാർ പ്ലാന്റ് നിർമ്മിച്ച് നൽകുന്നതിനായി സൗര നാച്ചറൽ എനർജി സൊല്യൂഷൻസ് എന്ന സ്വകാര്യ കമ്പനി തിരുവനന്തപുരത്തെ പോലീസ് ട്രെയിനിങ് കോളേജിന് പ്രോജക്റ്റ് പ്രൊപ്പോസൽ നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കാമോ? | (ഇ) | സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇൻഡ്യ ടെണ്ടർ വഴി ലിസ്റ്റ് ചെയ്ത കമ്പനികളാണ് ഈ പദ്ധതി നടപ്പിലാക്കിയിരുന്നത്. ഗുണഭോക്താക്കളെ കണ്ടെത്തുന്നതും പദ്ധതി നിർവ്വഹണവും ഈ കമ്പനികൾ നേരിട്ടാണ് ചെയ്യുന്നത്. |

Jeyant

**സെക്ഷൻ ഓഫീസർ**